# കേരള സാഹിത്യ അക്കാദമി

പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069, 2331103
ഇ.മെയിൽ: keralasahityaakademi@gmail.com വെബ്സൈറ്റ്: www keralasahityaakademi.org


02.03.2018

**പത്രക്കുറിപ്പ്:**

## സാഹിത്യ അക്കാദമിയിൽ അന്താരാഷ്ട്ര കവിസംഗമം

സംസ്കാരങ്ങളെ തമ്മിൽ കവിതയിലൂടെ ബന്ധിപ്പിക്കുക എന്ന ലക്ഷ്യമിട്ടുകൊണ്ട് കേരള സാഹിത്യ അക്കാദമി അന്താരാഷ്ട്ര കവിസംഗമം സംഘടിപ്പിക്കുന്നു. കേരള സർക്കാർ സഹകരണവകുപ്പും സാഹിത്യപ്രവർത്തക സഹകരണസംഘവും കൊച്ചിയിൽ സംഘടിപ്പിക്കുന്ന കൃതി ഇന്റർനാഷണൽ ഫെസ്റ്റിവൽ ഓഫ് ബുക്സ് ആന്റ് ഓഥേഴ്സിന്റെ ഭാഗമായി മാർച്ച് 5 തിങ്കളാഴ്ച വൈകീട്ട് 4 മണിക്ക് അക്കാദമി അങ്കണത്തിൽ നടക്കുന്ന കവിസംഗമത്തിന്റെ മുഖ്യപ്രമേയം *അതിർത്തികളുടെ വിലക്കുകളില്ലാത്ത സാഹിത്യം* എന്നതായിരിക്കും. യൂറോപ്പിലേയും മലയാളത്തിലേയും ഒമ്പത് പ്രമുഖ കവികൾ കവിത അവതരിപ്പിക്കുകയും സദസ്സിനോട് സംവദിക്കുകയും ചെയ്യും. വായിക്കപ്പെടുന്ന കവിതകളുടെ മലയാളമൊഴിമാറ്റവും ഇതോടൊപ്പം നടക്കും. സാഹിത്യ അക്കാദമി പ്രസിഡണ്ട് വൈശാഖൻ കവിസംഗമം ഉദ്ഘാടനം ചെയ്യും. വാന്നി ബിയാൻകോനി (സ്വിറ്റ്സർലന്റ്), സിയാൻ നോർത്തി (വെയിൽസ്, യു.കെ.),മാർട്ടി സാലസ് (കാറ്റലോണിയ, സ്പെയിൻ), അലക്സാണ്ട്ര ബുഹ്ലർ (വെയിൽസ്, യു.കെ.), സമ്പൂർണ്ണ ചാറ്റർജി (മുംബൈ) മലയാളകവിതയെ പ്രതിനിധീകരിച്ച് അൻവർ അലി, വി.എം.ഗിരിജ, പി.രാമൻ, കെ.എം. പ്രമോദ് എന്നിവരും അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനനും പങ്കെടുക്കും.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി

JM